സമരജീവിതം നയിച്ച ഭാരത ശില്പി

അതിശയകരമായ രീതിയിൽ സമരജീവിതം നയിച്ചിട്ടുണ്ട് ഭാരതത്തിന്റെ ഭരണഘടനാശില്പി ഡോ. ബി. ആർ. അംബേദ്കർ. മഹാരാഷ്ട്രയിൽ അധഃകൃത വിഭാഗമായി പരിഗണിക്കപ്പെട്ടിരുന്ന മഹർ സമുദായത്തിൽ ജനിച്ച ഭീം റാവു അംബേദ്കറിന് നേരിടേണ്ടിവന്നത് തൊട്ടുകൂടായ്മയുടെയും മാറ്റിനിറുത്തലിന്റെയും അനുഭവപീഡകളാണ്. എന്നാൽ എത്ര ബുദ്ധിമുട്ടിയാലും മകനെ പഠിപ്പിച്ച് മിടുക്കനാക്കണമെന്ന വാശി ഭീമിന്റെ പിതാവ് രാംജി കാണിച്ചിരുന്നു. കഠിനപ്രയത്നത്തിലൂടെ ഇന്ത്യൻ ഭരണഘടനയുടെ ശില്പിയായ അംബേദകറിന്റെ ജീവിതം തന്നെയാണ് സന്ദേശം.

www.keralakaumudi.com www.facebook.com/keralakaumudi

ഡോ. ടി.പി. സേതുമാധവൻ
വിദ്യാഭ്യാസ വിദഗ്ദ്ധനും എഡ്യൂക്കേഷൻ ആൻഡ് കരിയർ കൺസൾട്ടന്റുമാണ് ലേഖകൻ. കോഴിക്കോട് യു.എൽ എഡ്യൂക്കേഷൻ ഡയറക്ടറാണ്.

ലക്ഷ്യ

വിദ്യാർത്ഥികൾക്ക് ഒരു പാഥേയം

നന്ദിയോ കൃതജ്ഞതയോ പോലും പ്രതീക്ഷിക്കാത്തതും പ്രകടനാത്മകമല്ലാത്തതുമായ പ്രവൃത്തിയാണ് സേവനം. മറ്റുള്ളവരെ വേദനിപ്പിക്കാത്ത വിധത്തിൽ പെരുമാറുക

അവസരങ്ങൾ പലത്

മേഖലകളും അവസരങ്ങളും പലതാണ്. കൈയെത്തും ദൂരത്തുള്ളവ അശ്രദ്ധ കൊണ്ട് അവഗണിക്കരുത്. സമയമാകുമ്പോൾ അപേക്ഷിക്കുക, ചിട്ടയോടെ പഠിക്കുക.

കമ്പനി സെക്രട്ടറിയാകാം

ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കമ്പനീസ് സെക്രട്ടറീസ് ഒഫ് ഇന്ത്യ കമ്പനി സെക്രട്ടറി പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. കമ്പനി സെക്രട്ടറി ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് പ്രോഗ്രാമുകളുണ്ട്. പ്ലസ് ടു പാസായവർക്ക് ഫൗണ്ടേഷൻ പരീക്ഷയ്ക്ക് അപേക്ഷിക്കാം. 4500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ഫൗണ്ടേഷൻ പാസായവർക്കോ, ഐ.സി.എ.ഐ, സി.എം.എ ഫൗണ്ടേഷൻ പാസായവർക്കോ അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കോ എക്സിക്യൂട്ടീവ് പ്രോഗ്രാമിന് അപേക്ഷിക്കാം. 8500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ബിരുദധാരികൾക്കിത് 10,000-12,500 രൂപയാണ്. കൂടുതൽ വിവരങ്ങൾക്ക് www.icsi.edu സന്ദർശിക്കുക.

ഗൾഫ് മെഡിക്കൽ യൂണിവേഴ്സിറ്റി

ഗൾഫ് മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ മെഡിസിൻ, ഡെന്റിസ്ട്രി, ഫാർമസി, ഫിസിയോ തെറാപ്പി, ബയോമെഡിക്കൽ തെറാപ്പി, ബയോമെഡിക്കൽ സയൻസ്, ഹെൽത്ത് കെയർ മാനേജ്മെന്റ് ആൻഡ് ഇക്കണോമിക്സ്, മെഡിക്കൽ ലബോറട്ടറി സയൻസസ്, ഇമേജിംഗ് സയൻസസ്, അനസ്തേഷ്യ ടെക്നോളജി കോഴ്സിന് ഇപ്പോൾ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.gmu.ac.in

പബ്ലിക് എന്റർപ്രൈസസ്

ഹൈദരബാദിലെ ഇൻസ്റ്റിറ്റിയൂട്ട് ഒഫ് പബ്ലിക് എന്റർപ്രൈസസിൽ ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാമുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം. ബാങ്കിംഗ്, മാനേജ്മെന്റ്, ഇൻഷ്വറൻസ്, ഇന്റർനാഷണൽ ബിസിനസ് എന്നീ സ്പെഷലൈസേഷനുകളുണ്ട്. കൂടുതൽ വിവരങ്ങൾക്ക് www.ipeindia.org സന്ദർശിക്കുക.

ഡിസൈൻ കോഴ്സ്

ജയ്പൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ക്രാഫ്റ്റ്സ് ആൻഡ് ഡിസൈനിൽ നാലു വർഷ ബി.വോക്ക് പ്രോഗ്രാമിന് ഇപ്പോൾ അപേക്ഷിക്കാം. ഫാഷൻ ഡിസൈൻ, മെറ്റീരിയൽ ഡിസൈൻ എന്നിവയിൽ ബി.വോക്ക് കോഴ്സുണ്ട്. 2019 ഏപ്രിൽ 14 ന് നടത്തുന്ന ദേശീയ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ. ഇന്റഗ്രേറ്റഡ് എം.വോക്ക് പ്രോഗ്രാമും ഇവിടെയുണ്ട്. അപേക്ഷ 2019 മാർച്ച് 28 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് www.iied.ac.in സന്ദർശിക്കുക.

ഇഫ്লു പ്രവേശനം

ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി (ഇഫ്ലു)യിൽ യു.ജി, പി.ജി, ബി.എഡ്, പി.എച്ച്ഡി. കോഴ്സുകളിലേക്ക് അപേക്ഷിക്കാം. ഇഫ്ലുവിന്റെ ഹൈദരബാദ്, ലക്നൗ, ഷില്ലോങ്ങ് കേന്ദ്രങ്ങളിലെ വിവിധ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്.

ഡിഗ്രി തലത്തിൽ ഇംഗ്ലീഷ്, അറബിക്, ഫ്രഞ്ച്, ജാപ്പനീസ്, റഷ്യൻ, സ്പാനിഷ്, ജർമ്മൻ എന്നീ ബി.എ ഓണേഴ്സ് പ്രോഗ്രാമുകളും ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ ബി.എ പ്രോഗ്രാമും ഉണ്ട്. ഇംഗ്ലീഷ് ബി.എ. ഓണേഴ്സ് പ്രോഗ്രാം മൂന്ന കാമ്പസുകളിലുമുണ്ട്. ജേണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ ബി.എ. ഷില്ലോങ്ങ് കാമ്പസിലാണ്. മറ്റു ബിരുദതല പ്രോഗ്രാമുകൾ ഹൈദരബാദ് കാമ്പസിലാണ് നടക്കുന്നത്.

ഇംഗ്ലീഷ്, ജേണലിസം ആൻഡ്മാസ്കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്, ഇംഗ്ലീഷ്ലിറ്ററേച്ചർ, ലിംഗ്വിസ്റ്റിക്സ്, ലിറ്ററേച്ചർഇൻ ഇംഗ്ലീഷ്, കംപാരറ്റീവ്ലിറ്ററേച്ചർ, ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ്, ഹിന്ദി, അറബിക്/ ഫ്രഞ്ച്/ ജർമ്മൻ/ റഷ്യൻ എന്നിവയിൽ പി.ജിയും ബി.എഡ്, ഇംഗ്ലീഷ്, ടീച്ചിംഗ്ഒഫ്ഇംഗ്ലീഷ്, അറബിക് പി.ജി. ഡിപ്ലോമ കോഴ്സിലേക്കും വിവിധ വിഷയങ്ങളിലെ പി.എച്ച്ഡിയിലേക്കുമാണ് പ്രവേശനം.

ബിരുദത്തിന് ആഗ്രഹിക്കുന്നവർ ഇംഗ്ലീഷ് ഒരു വിഷയമായി പഠിച്ച്, ഇന്റർമീഡിയറ്റ്/ 10+2/ തത്തുല്യ പരീക്ഷ ജയിച്ചിരിക്കണം. യോഗ്യത പരീക്ഷ അഭിമുഖീകരിക്കുന്നവർക്കും അപേക്ഷിക്കാം.

പ്രവേശന പരീക്ഷയുമുണ്ട്. മാർച്ച് 9 ന് രാവിലെ ഇംഗ്ലീഷിന്റെയും 10 ന് രാവിലെ മറ്റുഭാഷകളുടെയും അന്ന് ഉച്ചയ്ക്ക് മാസ് കമ്മ്യൂണിക്കേഷന്റെയും പ്രവേശന പരീക്ഷ നടത്തും.

100 മാർക്കുള്ള ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളുള്ള കംപ്യൂട്ടർ അധിഷ്ഠിത പരീക്ഷയുടെ ദൈർഘ്യം രണ്ട് മണിക്കൂറാണ്. തിരുവനന്തപുരം പരീക്ഷാകേന്ദ്രമാണ്. www.efluniversity.ac.in വഴി ഫെബ്രുവരി 26 വരെ അപേക്ഷിക്കാം.

യുനാനി ചികിത്സാ ലോകം

ലോകത്തെമ്പാടും പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലും ഇന്ത്യയിലും യുനാനി മെഡിസിൻ ചികിത്സ വിപുലപ്പെട്ടു വരുന്നു. ഇന്ത്യയിൽ ബിരുദ തലത്തിൽ ബി.യു.എം.എസ്. - ബാച്ചിലർ ഒഫ് യുനാനി മെഡിസിൻ ആൻഡ് സർജറി അഞ്ചു വർഷ പ്രോഗ്രാമുണ്ട്. കേരളത്തിൽ കോഴിക്കോട് ജില്ലയിൽ മർക്കസിന്റെ കീഴിൽ യുനാനി കോളേജുണ്ട്. നീറ്റ് പ്രവേശന പരീക്ഷയുടെ സ്കോറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് അഡ്മിഷൻ ലഭിക്കുന്നത്. കീം യുനാനി കോഴ്സിന് ചേരാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈനായി www.cee.kerala.gov.in എന്ന സൈറ്റിൽ അപേക്ഷിക്കണം. ആൾട്ടർനേറ്റിവ് ചികിത്സാ രീതിയാണ് യുനാനി. മനുഷ്യശരീരത്തിലെരോഗപ്രതിരോധശേഷി ഇയർത്തി രോഗം ഭേദമാക്കുകയാണ് യുനാനി ചെയ്യുന്നത്.

സ്വയം രോഗം ഭേദമാക്കാനുള്ള ശേഷി ഇതിലൂടെ വർദ്ധിക്കും. നിരവധി മാരാരോഗങ്ങളെ ചികിത്സിച്ച് മാറ്റാൻ യുനാനി ചികിത്സ ഉപകരിക്കും. 6000 വർഷത്തോളം പഴക്കമുള്ള ഈ ചികിത്സാ രീതി മണ്ണ്, തീ, വെള്ളം എന്നീ നാലു ഘടകങ്ങളെ ആശ്രയിച്ചാണ് രോഗം ഭേദമാക്കുന്നത്. പ്ലസ് ടു ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾ 50 % മാർക്കോടെ പൂർത്തിയാക്കിയവർക്ക് നീറ്റ് പരീക്ഷയെഴുതി ബി.യു.എം.എസിന് അഡ്മിഷൻ നേടാം.

ഐ.ഐ.സി കോഴ്സുകളിലേക്ക്

ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻസിലെ നൈപുണ്യ വികസന കോഴ്സുകളിലേക്ക് അപേക്ഷക്ഷണിക്കുന്നു. കേരള സർക്കാരിന്റെ തൊഴിൽ വകുപ്പിന്റെ കീഴിൽ, കൊല്ലം ജില്ലയിലെ ചവറയിൽപ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻസിലെ വിവിധ നൈപുണ്യ വികസന കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

കേരള അക്കാഡമി ഫോർ സ്കിൽസ്എക്സലൻസും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപറേറ്റീവ് സൊസൈറ്റിയും സംയുക്തമായി നടത്തുന്ന ബിടെക് സിവിൽ എൻജിനിയറിംഗ് പാസായവർക്കുള്ള 6 മാസത്തെ ഗ്രാജ്വേറ്റ്ഷിപ്പ്പ്രോഗ്രാമും പത്താം ക്ലാസ്പാസായവർക്കുള്ള 3 മാസത്തെ ബാർ ബൈൻഡിംഗ് കോഴ്സും എട്ടാം ക്ലാസ് പാസായവർക്കുള്ള 3 മാസത്തെ ഹൗസ് കീപ്പിംഗ്കോഴ്സും പ്ലസ്ടു പാസായവർക്കുള്ള ഒരുവർഷത്തെ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്കോഴ്സുകൾക്കുമാണ് അപേക്ഷക്ഷണിച്ചിരിക്കുന്നത്. കോഴ്സ് പൂർത്തിയാക്കിയവർക്ക് മികച്ച പ്ലേസ്മെന്റിനുള്ള അവസരം ലഭിക്കും. അപേക്ഷഫെബ്രുവരി ഒന്നുമുതൽ ഓൺലൈൻ ആയി സമർപ്പിക്കാം. അവസാന തിയതി ഫെബ്രുവരി 20.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക www.iiic.ac.in
ഫോൺ: 8078980000

യു.കെ പഠനത്തിന് സാദ്ധ്യത കുറയുന്നു

മാറുന്ന വിദേശ പഠന തൊഴിൽ മേഖല (തുടർച്ച)

വിദേശ വിദ്യാഭ്യാസ മേഖലയിൽ യു.കെയിലെയും യൂറോപ്യൻ രാജ്യങ്ങളിലെയും മാറുന്ന പ്രവണതകൾ ഏറെ ശ്രദ്ധയോടെ വിലയിരുത്തണം. അടുത്തകാലം വരെ ഏറ്റവും കൂടുതൽ ഇന്ത്യൻ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി യു.കെയിലേക്കു പോകാനാണ് ശ്രമിക്കുന്നത്.

ഒരു വർഷം കൊണ്ട് ബിരുദാനന്തര പഠനം പൂർത്തിയാക്കാമെന്ന സവിശേഷത വിദ്യാർത്ഥികളെ കൂടുതലായി യു.കെ. വിദ്യാഭ്യാസത്തിന് പ്രേരിപ്പിച്ചിരുന്നു. പ്രൊഫഷണൽ കോഴ്സിന്, പ്രത്യേകിച്ച് എൻജിനിയറിംഗിന് പഠിക്കുന്ന വിദ്യാർത്ഥികൾ എം.ബി.എ. പഠനത്തിന് താത്പര്യപ്പെട്ടു വരുന്നു. ഒരു വർഷം കൊണ്ട് പൂർത്തിയാക്കാനുതകുന്ന പ്രൊഫഷണൽ എം.ബി.എയ്ക്ക് അവർ യു.കെയിലെ ബിസിനസ്ഗ്രൂപ്പുകളെ ആശ്രയിച്ചു വരുന്നു.

എന്നാൽ യു.കെയിൽ വിസാ നിയമത്തിൽ വരുത്തിയ മാറ്റം ഇവിടുത്തെ വിദ്യാഭ്യാസത്തിന്റെ ആകർഷണീയത കുറയ്ക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. ഈ സാദ്ധ്യതമുന്നിൽകണ്ടുകൊണ്ടാണ് യൂറോപ്യൻ യൂണിയൻ വിദേശപഠനത്തിനായി വികസിത, വികസ്വര രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രവർത്തിച്ചുവരുന്നത്. ഇംഗ്ലീഷ്വിദ്യാഭ്യാസത്തിന് ഊന്നൽ നൽകാതിരുന്ന യൂറോപ്യൻ യൂണിയൻ ഇന്ന് കൂടുതലായി (വിദേശ വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് ഇംഗ്ലീഷ്പഠനത്തിന് ഊന്നൽ നൽകി വരുന്നു. ഫ്രാൻസ്, ജർമ്മനി, സ്പെയിൻ, ബൾഗേറിയ, ബ്രസീൽ, നെതർലാന്റ് മുതലായ രാജ്യങ്ങൾ ഈ രംഗത്ത് ഏറെ മുന്നേറിക്കഴിഞ്ഞു.

യു.കെയിലേക്കുള്ള വിദ്യാർത്ഥികളുടെ യാത്ര കുറഞ്ഞത് യൂറോപ്യൻ രാജ്യങ്ങളിൽ ഉന്നത വിദ്യഭ്യാസ രംഗത്ത് വൻ സാദ്ധ്യതകൾക്കാണ് അവസരമൊരുക്കിയിട്ടുള്ളത്. അമേരിക്ക, കാനഡ, ആസ്ട്രേലിയ, സിങ്കപ്പൂർ തുടങ്ങിയ രാജ്യങ്ങളിലേക്ക് ഉന്നതവിദ്യാഭ്യാസത്തിനെത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലും വൻവർദ്ധനവുണ്ടായിട്ടുണ്ട്. ദേശീയ ആരോഗ്യ മിഷന്റെ ശ്രപാർശയനുസരിച്ച് അമേരിക്കയിൽ ആരോഗ്യ ജൈവശാസ്ത്ര മേഖലയിൽ സാദ്ധ്യതകളേറെയുണ്ട്.

ആസ്ട്രേലിയൻ സർവകലാശാലകൾ പഴയ പ്രതാപം വീണ്ടെടുത്ത് ഏഷ്യൻ വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് വിദേശ വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചു വരുന്നു. വിദേശ പഠനത്തിനെത്തുന്ന വിദ്യാർത്ഥികളിൽ 52 ശതമാനവും ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ളവരാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

യു.കെ, യൂറോപ്പ്, ആസ്ട്രേലിയ, കാനഡ എന്നീ രാജ്യങ്ങളിൽ ബിരുദാനന്തര പഠനത്തിന് അഡ്മിഷൻ ലഭിക്കാൻ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യ പരീക്ഷ 7/9 ബാൻഡോടുകൂടി പൂർത്തിയാക്കണം.

(തുടരും)

വിനിയോഗിക്കാം അവസരങ്ങൾ

ടാലന്റ്ബേസ്ഡ്

യുവാക്കളായ ഇന്ത്യൻ ബയോമെഡിക്കൽ ശാസ്ത്രജ്ഞർക്ക് നൽകുന്ന ഫെലോഷിപ്. ഗവേഷണത്തിനായി ഇന്ത്യൻ മെഡിക്കൽ റിസർച്ച് കൗൺസിലും ഡിപ്പാർട്ട്മെന്റ് ഒഫ് ഹെൽത്ത് റിസർച്ചും നൽകിവരുന്ന ധനസഹായമാണിത്. ആരോഗ്യ,ബയോമെഡിക്കൽറിസർച്ച് മേഖലയിൽ മൂന്നു വർഷം പ്രവൃത്തി പരിചയമുള്ള ഇന്ത്യക്കാരായ വിദ്യാർത്ഥികൾക്കാണ് അവസരം. തിരഞ്ഞെടുക്കുന്നവർക്ക് 6 മുതൽ 12 മാസത്തെ ഗവേഷണത്തിന് പ്രതിമാസം 3000 യു.എസ് ഡോളർ സ്റ്റൈപെൻഡ് ലഭിക്കും. ഗവേഷണ ചെലവിനായി 50,000 ഡോളർ കണ്ടിൻജൻസി ഗ്രാൻഡും ലഭിക്കും. അവസാന തിയതി: ഫെബ്രു 28, കൂടുതൽ വിവരങ്ങൾക്ക്. http://www.b4s.in/kaumudi/IIF6

കടപ്പാട്: www.buddy4study.com

വിളംബരം

സെറ്റ് അപേക്ഷ 17 വരെ സമർപ്പിക്കാം

തിരുവനന്തപുരം : ഹയർ സെക്കൻഡറി, നോൺ വൊക്കേഷണൽ അദ്ധ്യാപക നിയമനത്തിന് ഏർപ്പെടുത്തിയിരിക്കുന്ന സംസ്ഥാനതലയോഗ്യതാനിർണയ പരീക്ഷയായ സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) ഓൺലൈൻ രജിസ്ട്രേഷൻ 17 ന് അഞ്ച്മണി വരെദീർഘിപ്പിച്ചു. അപേക്ഷകൾ 25 ന് വൈകിട്ട് അഞ്ചിനു മുമ്പായി എൽ.ബി.എസ്. സെന്ററിൽ ലഭിക്കണം. സെറ്റ് പരീക്ഷ മാർച്ച് 31 ന് നടത്തും.

സൗജന്യ ആയുർവേദ ചികിത്സ

തിരുവനന്തപുരം : പൂജപ്പുര പഞ്ചകർമ്മആശുപത്രിസ്വസ്ഥവൃത്തം വിഭാഗത്തിൽ കുട്ടികൾക്ക്ഭാരക്കുറവിന് സൗജന്യചികിത്സ ലഭ്യമാണ്. ഫോൺ: 8281581737

രക്തത്തിൽ യൂറിക്ആസിഡ് കൂടുന്നഹൈപ്പർയൂറിസിമിയയ്ക്ക്ആയുർവേദ കോളേജ് കായചികിത്സാ വിഭാഗത്തിൽ സൗജന്യ ചികിത്സ ലഭിക്കും. ഫോൺ: 9497358310

സൗജന്യ യോഗ പരിശീലനം

തിരുവനന്തപുരം : പൂജപ്പുര പഞ്ചകർമ്മ ആശുപത്രി സ്വസ്ഥ വൃത്തം വിഭാഗത്തിൽ ബി.പി. രോഗികൾക്കായി 20 മുതൽ ഒരു മാസത്തെ സൗജന്യ യോഗ ക്ലാസ് നടക്കും. ഫോൺ: 9539175948, 8075060197

സർവകലാശാല വാർത്തകൾ

കേരള
www.keralauniversity.ac.in

■ **ഓൺലൈൻ രജിസ്ട്രേഷൻ**
രണ്ടാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (റഗുലർ/ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ 23 വരെയും 50 രൂപ പിഴയോടെ 28 വരെയും 125 രൂപ പിഴയോടെ മാർച്ച് 6 വരെയും അപേക്ഷിക്കാം.

■ **പരീക്ഷാഫലം**
ഒന്നാംസെമസ്റ്റർഎം.പ്ലാനിംഗ്സപ്ലിമെന്ററി (2013സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, എം.എസ് സി സൈക്കോളജി, ബയോകെമിസ്ട്രി, കൗൺസിലിംഗ് സൈക്കോളജി, ബയോടെക്നോളജി, എം.എസ്.ഡബ്ല്യു, പരീക്ഷാഫലം വെബ്സൈറ്റിൽ.

എം.ജി
www.mgu.ac.in

■ **പരീക്ഷ തീയതി**
തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ ബി.എഫ്.എ. പരീക്ഷകൾ മാർച്ച്ആറുമുതൽ ആരംഭിക്കും. പിഴയില്ലാതെ 19 വരെയും 500 രൂപ പിഴയോടെ 20 വരെയും 1000 രൂപ സൂപ്പർഫൈനോടെ 21 വരെയും അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എം.എസ്സി ഫിഷറി ബയോളജി ആൻഡ് അക്വാകൾച്ചർ (പുതിയ സ്കീം 2018 അഡ്മിഷൻറഗുലർ, 2018ന്മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് ആറു മുതൽ ആരംഭിക്കും. പിഴയില്ലാതെ 18 വരെയും 500 രൂപ പിഴയോടെ 19 വരെയും 1000 രൂപ സൂപ്പർഫൈനോടെ 20 വരെയും അപേക്ഷിക്കാം.

■ **എം.ഫിൽ സംവരണ സീറ്റൊഴിവ്**
പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സിൽ 2018-19 എം.ഫിൽ ബാച്ചിലേക്ക് പട്ടികജാതി വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. അർഹരായവർ അസൽ രേഖകളുമായി 22 ന് വൈകിട്ട് നാലിന് മുമ്പായി സ്കൂൾ ഓഫീസിൽ ഹാജരാകണം. ഫോൺ: 04812731043.

കണ്ണൂർ
www.kannuruniversity.ac.in

■ **പ്രാക്ടിക്കൽ പരീക്ഷകൾ**
നാലാം സെമസ്റ്റർ ബിരുദ കോഴ്സുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ (ഏപ്രിൽ 2019) 18 ന് ആരംഭിക്കും.

നാലാം സെമസ്റ്ററിലെ പ്രാക്ടിക്കൽ സപ്ലിമെന്ററി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾമുൻസെമസ്റ്ററിലെഹാൾ ടിക്കറ്റുമായി രജിസ്റ്റർ ചെയ്ത പരീക്ഷാ കേന്ദ്രവുമായി ബന്ധപ്പെടണം.

■ **ഗ്രേസ്മാർക്ക് അപേക്ഷകൾ**
2016-17, 2017-18 അദ്ധ്യയന വർഷങ്ങളിൽ വിവിധ ഇനങ്ങളിൽ ഗ്രേസ്മാർക്ക് അനുവദിക്കപ്പെട്ട് ഉത്തരവ്ലഭിച്ച 2016 പ്രവേശന ബിരുദ വിദ്യാർത്ഥികൾ അവരുടെ ഗ്രേസ്മാർക്ക് ചേർത്തു ലഭിക്കുന്നതിലേക്ക് നിശ്ചിതമാതൃകയിലുള്ളഅപേക്ഷകൾ രേഖകൾ സഹിതം പ്രിൻസിപ്പൽ മുഖേന 28 നകം പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കണം. അതിനു ശേഷം ലഭിക്കുന്ന അപേക്ഷകൾക്ക്250 രൂപ പിഴ ഈടാക്കും.

■ **പരീക്ഷാഫലം**
രണ്ടാം സെമസ്റ്റർ എം.ഫിൽ (ഫിസിക്കൽ എഡ്യുക്കേഷൻ ഡിഗ്രി, സപ്ലിമെന്ററി) ജൂൺ 2017 പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ.

കാലിക്കറ്റ്
www.universityofcalicut.info

■ **അഭിമുഖം മാറ്റി**
ഫിസിക്കൽ എഡ്യുക്കേഷൻ പഠന വകുപ്പിൽ പ്ലാന്റ് ഓപ്പറേറ്റർ തസ്തികയിൽ അപേക്ഷിച്ചവരിൽ യോഗ്യരായവർക്ക് നീന്തലിൽ പ്രാവീണ്യം തെളിയിക്കുന്നതിന് 21-ന് നടത്താനിരുന്ന പ്രായോഗിക പരീക്ഷ മാർച്ച് ആറിലേക്ക് മാറ്റി. അഭിമുഖം അന്ന് 2.30-ന് നടക്കും. ഫോൺ: 0494 2407106.

■ **ഐ.ഇ.ടി അദ്ധ്യാപക അഭിമുഖം**
എൻജിനിയറിംഗ് കോളേജിൽ (ഐ.ഇ.ടി) പ്രൊഫസർ (ഇ.സി.ഇ), അസിസ്റ്റന്റ്പ്രൊഫസർ(പ്രിന്റിംഗ് ടെക്നോളജി) തസ്തികകളിൽ കരാർ നിയമനത്തിന് 2018 ജൂണ്ഒന്ന്, നവംബർ 12 തീയതികളിലെവിജ്ഞാപനപ്രകാരം അപേക്ഷിച്ചവർക്കുള്ള അഭിമുഖം 26-ന് സർവകലാശാലാഭരണവിഭാഗത്തിൽ നടക്കും. ഫോൺ: 0494 2047106.

■ **പരീക്ഷാ അപേക്ഷ**
രണ്ടാം വർഷ ബി.എസ് സി മെഡിക്കൽ മൈക്രോബയോളജി, മെഡിക്കൽ ബയോകെമിസ്ട്രി, മെഡിക്കൽ ലബോറട്ടറി ടെക്നോളജി (2013 മുതൽ പ്രവേശനം-2012 സ്കീം) റഗുലർ/ സപ്ലിമെന്ററി പരീക്ഷക്ക് പിഴകൂടാതെ 20 വരെയും 160 രൂപപിഴയോടെ 22 വരെയും ഫീസടച്ച് 25 വരെ രജിസ്റ്റർ ചെയ്യാം.

■ **എം.സി.എ സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ**
രണ്ടാം സെമസ്റ്റർ എം. സി. എ (2010, 2011 പ്രവേശനം) സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ മാർച്ച് ഒന്നിന് ആരംഭിക്കും. ഹാൾടിക്കറ്റ്വെബ്സൈറ്റിൽ. പരീക്ഷാഭവനാണ് പരീക്ഷാ കേന്ദ്രം.

രണ്ടാം സെമസ്റ്റർ എം.എഡ് പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 27 വരെ അപേക്ഷിക്കാം.

ബി.വോക്ട്ടറിസം ആൻഡ്ഹോസ്പിറ്റാലിറ്റിമാനേജ്മെന്റ്അഞ്ചാം സെമസ്റ്റർ (നവംബർ 2017), ആറാം സെമസ്റ്റർ (ഏപ്രിൽ 2018) റഗുലർ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 26 വരെ അപേക്ഷിക്കാം.

ഒന്ന്, മൂന്ന് സെമസ്റ്റർ എം.സി.എ (സി.യു.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 27 വരെ അപേക്ഷിക്കാം.

■ **പി.ജി കോൺടാക്ട് ക്ലാസ് മാറ്റി**
വിദൂരവിദ്യാഭ്യാസം വിഭാഗം മലപ്പുറം ഗവൺമെന്റ് കോളേജിൽ 16, 17 തീയതികളിൽരണ്ടാംവർഷപി.ജികോൺടാക്ട്ക്ലാസ്ഉണ്ടായിരിക്കില്ല. ക്ലാസ് ഫെബ്രുവരി 23 മുതൽ നടക്കും. ഫോൺ: 0494 2407494, 2400288.

■ **ആറാം സെമസ്റ്റർ യു.ജി റീ അഡ്മിഷൻ ലിങ്ക്**
വിദൂരവിദ്യാഭ്യാസം ആറാം സെമസ്റ്റർ യു.ജി റീ അഡ്മിഷൻ, സ്ലീം മാറ്റം എന്നിവ വഴി പ്രവേശനം നേടാനുള്ള ലിങ്ക് 18 വരെ മാത്രമേ ലഭ്യമാവുകയുള്ളൂ. ഇതുവരെ പ്രവേശനം നേടിയവർ 20-നകം ബന്ധപ്പെട്ട സെക്ഷനിൽ എത്തിക്കണം.

■ **ബി.ആർക് പരീക്ഷ മാറ്റി**
18-ന് ആരംഭിക്കാനിരുന്ന അഞ്ചാം സെമസ്റ്റർബി.ആർക് റഗുലർ/സപ്ലിമെന്ററി പരീക്ഷ മാറ്റി.

ദേവസ്വം ബോർഡ് പരീക്ഷ 24 ന്

തിരുവനന്തപുരം : കേരള ദേവ